ചെയർമാനായി പ്രവർത്തിച്ചിരുന്നു. സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി അംഗം, കെ.എസ്.കെ.ടി.യു. സംസ്ഥാന ട്രഷറർ, ഓൾ ഇന്ത്യ അഗ്രികൾച്ചർ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ്, കാഷ്യൂ വർക്കേഴ്സ് സെന്റർ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. കൊട്ടാരക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ്, കൃസാറ്റ് സിൻഡിക്കേറ്റ് മെമ്പർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

സാധാരണക്കാരോടും കർഷകത്തൊഴിലാളികൾക്കുമൊപ്പം തോളോട് തോൾ ചേർന്നുനിന്ന് പ്രവർത്തിച്ച കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളിലെ മുന്നണിപ്പോരാളിയായ ഒരു പൊതുപ്രവർത്തകനെയാണ് ബി. രാഘവന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ മുരളി പെരുനെല്ലി, പി. എസ്. സുപാൽ, റോജി എം. ജോൺ എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III മേശപ്പുറത്തുവച്ച കടലാസുകൾ

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ക്രമ നം.	ഓർഡിനൻസിന്റെ			ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന്
	വർഷം	നമ്പർ	പേര്	
1	2021	27	ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2021	അല്ല

II തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ക്രമ നം.	ഓർഡിനൻസിന്റെ			ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന്
	വർഷം	നമ്പർ	പേര്	
1	2021	13	ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021	അല്ല
2	2021	14	ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021	അല്ല
3	2021	33	ദി കേരള പഞ്ചായത്ത് രാജ് (സെക്കൻഡ് അമെന്റ്മെന്റ്)	അല്ല

LIBRARY ARCHIVES Kerala Legislative Assembly